# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 13.08.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. 2024, 25 വർഷങ്ങളിലെ സംഗീത നാടക അക്കാദമി ഫെലോഷിപ്പുകളും പുരസ്കാരങ്ങളും രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ന്യൂഡൽഹിയിൽ സമ്മാനിക്കും.

   **President Droupadi Murmu will present the Sangeet Natak Akademi Fellowships and Awards for the years 2024 and 2025 in New Delhi today.**

2. കേരള പുനർനാമകരണ ബിൽ പാർലമെൻറ് പാസ്സാക്കി. വിദേശ സംഭാവന നിയന്ത്രണ ഭേദഗതി ബിൽ–2026 സംയുക്ത പാർലമെന്ററി സമിതിക്ക് വിടാൻ ഇരുസഭകളും അനുമതി നൽകി.

   **The Parliament has passed the Kerala (Alteration of Name) Bill, 2026. Both Lok Sabha and Rajya Sabha gave their approval for referring the Foreign Contribution (Regulation) Amendment Bill, 2026, to the Joint Parliamentary Committee for further scrutiny.**

3. സ്വകാര്യ നിക്ഷേപങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രേരക ശക്തിയായി പൊതു മൂലധനം മാറണമെന്ന് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ.

   **Union Finance Minister Nirmala Sitharaman has said that public capital should become a driving force to encourage private investments.**

4. കോംഗോയിൽ എബോള രോഗബാധ, അതിവേഗം വ്യാപിക്കുന്നതായി ലോകാരോഗ്യ സംഘടന.

   **The Ebola outbreak in the Democratic Republic of the Congo (DR Congo) is spreading faster than health authorities can contain it, said the World Health Organization.**

5. കേരളത്തിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞജാഗ്രത.

**Isolated heavy rain likely to occur in Kerala. Yellow alert in Kannur and Kasaragod districts today.**

6. നൈജീരിയയിൽ നടക്കുന്ന കോമൺവെൽത്ത് ഫെൻസിംഗ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യക്ക് മുന്നേറ്റം. 8 സ്വർണ്ണം ഉൾപ്പെടെ മെഡൽ നേട്ടം 29 ആയി.

**India advances in Commonwealth Fencing Championship with 29 medals, including 8 gold.**

&&&&&&&&&&&&&&&&&&&&&&

## PRESIDENT

2024, 25 വർഷങ്ങളിലെ സംഗീത നാടക അക്കാദമി ഫെലോഷിപ്പുകളും പുരസ്കാരങ്ങളും രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ന്യൂഡൽഹിയിൽ സമ്മാനിക്കും. 115 പേർക്കാണ് പുരസ്കാരം. കേന്ദ്രമന്ത്രി ഗജേന്ദ്ര സിംഗ് ഷെഖാവത്തും സഹമന്ത്രി റാവു ഇന്ദർജിത് സിംഗും പങ്കെടുക്കും.

&&&&&&&&&&&&&&&&&&&&&&

## KERALA BILL

സംസ്ഥാനത്തിന്റെ പേര് ഔദ്യോഗികമായി 'കേരളം' എന്ന് മാറ്റുന്ന പുനർനാമകരണ ബിൽ പാർലമെൻറ് പാസ്സാക്കി. രാജ്യസഭ ഇന്നലെ പാസ്സാക്കിയ ബില്ലിന് ലോക്സഭ നേരത്തെ അംഗീകാരം നൽകിയിരുന്നു. കേന്ദ്ര മന്ത്രി സുരേഷ് ഗോപി, കേരളത്തിൽ നിന്നുള്ള എം പിമാരായ എ.എ റഹിം, പി. സന്തോഷ് കുമാർ, ഹാരിസ് ബീരാൻ, ജോസ് കെ മാണി തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&&&&&&

## LS – FCRA

വിദേശ സംഭാവന നിയന്ത്രണ ഭേദഗതി ബിൽ–2026 സംയുക്ത പാർലമെന്ററി സമിതിക്ക് വിടാൻ ഇരുസഭകളും അനുമതി നൽകി. 2010-ലെ നിയമത്തിൽ ഭേദഗതി വരുത്താനാണ് ബിൽ

ലക്ഷ്യമിടുന്നത്. വിദേശ സംഭാവനകളുടെ വിനിയോഗം കൂടുതൽ സുതാര്യവും ഉത്തരവാദിത്തമുള്ളതുമാക്കുക എന്നതാണ് പ്രധാന ലക്ഷ്യം. ലോക്സഭാ സ്പീക്കർ നാമനിർദ്ദേശം ചെയ്യുന്ന 21 അംഗങ്ങളും രാജ്യസഭാ അധ്യക്ഷൻ നാമനിർദ്ദേശം ചെയ്യുന്ന 10 അംഗങ്ങളുമാണ് സമിതിയിൽ ഉണ്ടാവുക.

&&&&&&&&&&&&&&&&&&&&&&

## AMIT SHAH (INTRO)

നീറ്റ് വിദ്യാർത്ഥി പ്രശ്നം ഉൾപ്പെടെ ഏത് വിഷയവും പാർലമെന്റിൽ ചർച്ച ചെയ്യാൻ സർക്കാരിന് പൂർണ്ണ സമ്മതമെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. പാർലമെന്റ് പരിസരത്ത് മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. നീറ്റ് പരീക്ഷയുമായി ബന്ധപ്പെട്ട വിദ്യാർത്ഥി പ്രതിഷേധത്തിന്റെ എല്ലാ വശങ്ങളെക്കുറിച്ചും ചർച്ച ചെയ്യാൻ സർക്കാർ തയ്യാറാണെന്ന് പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു നേരത്തെ തന്നെ വ്യക്തമാക്കിയിട്ടുണ്ടെന്നും ശ്രീ ഷാ പറഞ്ഞു.
(ഹോൾഡ് വോയ്സ് ..........)

&&&&&&&&&&&&&&&&&&&&&&

## NIRMALA SITHARAMAN

സ്വകാര്യ നിക്ഷേപങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രേരക ശക്തിയായി പൊതു മൂലധനം മാറണമെന്ന് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ. 'ബ്രിക്സ് അംഗരാജ്യങ്ങളിൽ സ്വകാര്യ മൂലധനം സമാഹരിക്കുന്നതിൽ ന്യൂ ഡെവലപ്മെന്റ് ബാങ്കിന്റെ പങ്ക്' എന്ന വിഷയത്തിലുള്ള സെമിനാറിനെ ജയ്പൂരിൽ അഭിസംബോധന ചെയ്യുകയായിരുന്നു ധനമന്ത്രി. ആഗോള വളർച്ചയുടെ പ്രധാന ചാലകശക്തികളിൽ ഒന്നാണ് ബ്രിക്സ് രാജ്യങ്ങളെങ്കിലും, സ്വകാര്യ മൂലധനം ആകർഷിക്കുന്നതിൽ ഇവ വെല്ലുവിളികൾ നേരിടുന്നുണ്ടെന്നും അവർ പറഞ്ഞു. മൂലധന ലഭ്യത ഉറപ്പാക്കുന്നതിനൊപ്പം തന്നെ നിക്ഷേപകരുടെ ആത്മവിശ്വാസം വളർത്തുക, സ്ഥിരത നിലനിർത്തുക, തുടങ്ങിയവയ്ക്കും തുല്യ പ്രാധാന്യമുണ്ടെന്ന് കേന്ദ്രമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&

## JOSHI - MEETING

കേന്ദ്ര വിദ്യാഭ്യാസ മന്ത്രി പ്രൽഹാദ് ജോഷിയുടെ അധ്യക്ഷതയിൽ മന്ത്രാലയത്തിലെ മുതിർന്ന ഉദ്യോഗസ്ഥരുടെ യോഗം ചേർന്നു. 'നാഷണൽ മീൻസ്- കം -മെറിറ്റ് സ്കോളർഷിപ്പ് പദ്ധതി' 2030—-31 സാമ്പത്തിക വർഷം വരെ തുടരുന്നതിനുള്ള നിർദ്ദേശം ചർച്ച ചെയ്യാനാണ് യോഗം വിളിച്ചതെന്ന് മന്ത്രി സമൂഹമാധ്യമത്തിൽ അറിയിച്ചു. രാജ്യത്തുടനീളമുള്ള വിദ്യാർഥികൾക്ക് പിന്തുണ നൽകുന്ന പദ്ധതിയുടെ തുടർന്നുള്ള നടത്തിപ്പിനെക്കുറിച്ചും യോഗം ചർച്ച ചെയ്തു.

&&&&&&&&&&&&&&&&&&&&&&&

## SRIJAN-TEXTILES

ഇന്ത്യൻ കൈത്തറി മേഖലയുടെ വളർച്ചയ്ക്കായി പ്രവർത്തിക്കുന്ന സ്ത്രീകളെ ആദരിക്കുന്നതിന് കേന്ദ്ര ടെക്സ്റ്റൈൽസ് മന്ത്രാലയം ഇന്ന് ന്യൂഡൽഹിയിൽ 'സൃജൻ: വോയ്സസ് ഫ്രം ദി ലൂം' എന്ന പേരിൽ പ്രത്യേക പരിപാടി സംഘടിപ്പിക്കും. കൈത്തറി മേഖലയിലെ സ്ത്രികളുടെ പ്രചോദനാത്മകമായ ജീവിതയാത്രകളെയും രാജ്യത്തിന്റെ നെയ്ത്ത് പാരമ്പര്യത്തിന് അവർ നൽകിയ സംഭാവനകളെയും ഉയർത്തിക്കാട്ടുകയാണ് പരിപാടിയുടെ ലക്ഷ്യം. വനിതാ നെയ്ത്തുകാരുടെ പ്രചോദനാത്മകമായ കഥകളും അനുഭവങ്ങളും ഉൾക്കൊള്ളുന്ന ഒരു പുസ്തകവും ചടങ്ങിൽ പ്രകാശനം ചെയ്യും.

&&&&&&&&&&&&&&&&&&&&&&&

## NAVY CHIEF-MAURITIUS

ഇന്ത്യൻ നാവികസേനാ മേധാവി അഡ്മിറൽ കൃഷ്ണ സ്വാമിനാഥൻ പോർട്ട് ലൂയിസിൽ മൗറീഷ്യസ് പ്രധാനമന്ത്രി നവീൻചന്ദ്ര രാംഗൂലവുമായി കൂടിക്കാഴ്ച നടത്തി. ഇരു രാജ്യങ്ങളും തമ്മിലുള്ള സമുദ്രസുരക്ഷാ സഹകരണം കൂടുതൽ ശക്തമാക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇരുവരും ചർച്ചചെയ്തു. നാവികസേനാ സഹകരണം, സംയുക്ത പരിശീലനം, വിവര കൈമാറ്റ സംവിധാനങ്ങൾ എന്നിവ പ്രധാന ചർച്ചാവിഷയങ്ങളായെന്ന് ഇന്ത്യൻ നാവികസേന സമൂഹമാധ്യമത്തിൽ അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&&

## HAR GHAR TIRANGA

'ഹർ ഘർ തിരംഗ' ക്യാമ്പയിന്റെ ഭാഗമായി ജമ്മു കശ്മീരിലെ റിയാസി ജില്ലാ ഭരണകൂടം ഇന്നലെ ചെനാബ് നദിയിൽ 'തിരംഗ ബോട്ട് റാലി' സംഘടിപ്പിച്ചു. 'വന്ദേമാതരത്തിൻറെ 150-ാം വാർഷികത്തോടനുബന്ധിച്ചാണ് പരിപാടി സംഘടിപ്പിച്ചത്. ഛത്തീസ്ഗഢിലെ ബസ്തറിലും 'തിരംഗ യാത്ര' സംഘടിപ്പിച്ചു.

&&&&&&&&&&&&&&&&&&&&&&

## AIR FORCE BAND

സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായി തിരുവനന്തപുരം ദക്ഷിണ വ്യോമസേനയുടെ ബാൻഡ് ടീം അവതരിപ്പിക്കുന്ന സംഗീത വിരുന്ന് ഇന്ന് നിശാഗന്ധി ഓഡിറ്റോറിയത്തിൽ നടക്കും. കണ്ണൂർ ഏഴിമല നാവിക അക്കാദമിയിലെ നേവി ബാൻഡിന്റെ പ്രത്യേക സംഗീത പരിപാടിയും ഇന്ന് ഉണ്ടാകും.

&&&&&&&&&&&&&&&&&&&&&&

## KANNUR – EZHIMALA (INTRO)

എൺപതാം സ്വാതന്ത്ര്യ ദിനാഘോഷങ്ങളുടെ ഭാഗമായി ഏഴിമല ഇന്ത്യൻ നാവിക അക്കാദമിയുടെ നേവി ബാൻഡ് ഇന്ന് വൈകുന്നേരം കണ്ണൂരിൽ പ്രത്യേക സംഗീതപരിപാടി അവതരിപ്പിക്കും.

**ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ തയ്യാറാക്കിയ റിപ്പോർട്ട്...... (വോയ്സ്)**

&&&&&&&&&&&&&&&&&&&&&&

## EBOLA SPREAD -DR CONGO

ഡെമോക്രാറ്റിക് റിപ്പബ്ലിക് ഓഫ് കോംഗോയിൽ എബോള രോഗബാധ, നിയന്ത്രണാതീതമായി അതിവേഗം വ്യാപിക്കുന്നതായി ലോകാരോഗ്യ സംഘടന മുന്നറിയിപ്പ് നൽകി. നിലവിലെ വ്യാപന നിരക്ക് തുടർന്നാൽ, 2014-—16 കാലഘട്ടത്തിൽ പടിഞ്ഞാറൻ ആഫ്രിക്കയിൽ പതിനൊന്നായിരത്തിലധികം പേരുടെ ജീവനെടുത്ത എബോള പ്രതിസന്ധിയെക്കാൾ മാരകമായി മാറുമെന്ന് ലോകാരോഗ്യ സംഘടനാ ഡയറക്ടർ ജനറൽ തെദ്രോസ് അദാനോം ഗെബ്രിയേസസ് പറഞ്ഞു. കിഴക്കൻ കോംഗോയിൽ ഇതിനകം രണ്ടായി-ത്തിലധികം മരണമാണ് റിപ്പോർട്ട്ചെയ്തത്.

&&&&&&&&&&&&&&&&&&&&&&&

## IMD - WEATHER

വടക്കൻ ബംഗാൾ ഉൾക്കടലിൽ ന്യൂനമർദ്ദം രൂപപ്പെടാൻ സാധ്യതയുള്ളതിനാൽ ഇന്ന് ഒഡീഷയിലും പശ്ചിമ ബംഗാളിലെ ഗംഗാസമതല മേഖലയിലും അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കർണാടക, കിഴക്കൻ ഉത്തർപ്രദേശ്, ഗുജറാത്ത്, തമിഴ്നാട്, കാരയ്ക്കൽ, പുതുച്ചേരി, ആൻഡമാൻ നിക്കോബാർ ദ്വീപുകൾ, ഗോവ, രാജസ്ഥാൻ എന്നിവിടങ്ങളിലും ഇന്ന് കനത്ത മഴയ്ക്ക് സാധ്യതയുണ്ട്.

&&&&&&&&&&&&&&&&&&&&&&&

## RAIN KERALAM

കേരളത്തിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് മഞ്ഞജാഗ്രത പ്രഖ്യാപിച്ചു. കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശൂർ ജില്ലകളിലെ തീര പ്രദേശങ്ങളിൽ ഇന്ന് ഉച്ചക്ക് ശേഷം 2.30 വരെ കടലാക്രമണത്തിന് സാധ്യത. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം.

&&&&&&&&&&&&&&&&&&&&&&&

## AI SKILLING INITIATIVE (INTRO)

ദേശീയ നിർമിതബുദ്ധി നൈപുണ്യ സംരംഭത്തിന്റെ ആദ്യ ഘട്ടത്തിൽ സ്വീകരിച്ച ആകെ രജിസ്ട്രേഷനുകളുടെ എണ്ണം 60,253 ആയതായി വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയം. പരിപാടിയുടെ ഒന്നാം ഘട്ടത്തിലെ 2 മൊഡ്യൂളുകൾ പൂർത്തിയാക്കിയവരുടെ എണ്ണം 4,620 ആണ്. 552 പേരാണ് ഒന്നാം ഘട്ടത്തിലെ 4 മൊഡ്യൂളുകളും വിജയകരമായി പൂർത്തിയാക്കിയതെന്നും മന്ത്രാലയം അറിയിച്ചു.

**വിശദാംശങ്ങളിലേക്ക്...... (ഹോൾഡ് വോയ്സ്.........)**

## AI SKILLING INITIATIVE (VOICE)

രണ്ട് പഠന പ്ലാറ്റ്ഫോമുകളിലൂടെ ആകെ 33 മണിക്കൂർ ദൈർഘ്യമുള്ള 4 മൊഡ്യൂളുകളാണ് ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. എ.ഐ അടിസ്ഥാനപാഠങ്ങൾ,

പ്രോംപ്റ്റിങ് അടിസ്ഥാനപാഠങ്ങൾ, ജനറേറ്റീവ് എഐ എന്നിവ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് പ്രായോഗികവും അടിസ്ഥാനപരവുമായ എഐ വൈദഗ്ധ്യം നൽകുന്നതിന് IICT-യും സ്വകാര്യ മേഖലയിലെ പങ്കാളികളും സംയുക്തമായാണ് പാഠ്യപദ്ധതി തയ്യാറാക്കിയിരിക്കുന്നത്. എഐ സാക്ഷരത വർധിപ്പിക്കാനും വ്യവസായ മേഖലകൾക്ക് അനുയോജ്യമായ ഡിജിറ്റൽ ശേഷി വിദ്യാർത്ഥികളിൽ ഉറപ്പാക്കാനും ലക്ഷ്യമിട്ടുള്ളതാണ് സംരംഭം.

**ന്യൂസ് ഡെസ്ക് ആകാശവാണി .....**

&&&&&&&&&&&&&&&&&&&&&&

## COMMONWEALTH FENCING

നൈജീരിയയിൽ നടക്കുന്ന കോമൺവെൽത്ത് ഫെൻസിംഗ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യ മുന്നേറ്റം തുടരുന്നു. വിവിധ ഇനങ്ങളിലായി മൂന്ന് സ്വർണ്ണവും ഒരു വെള്ളിയും ഒരു വെങ്കലവും ഇന്ത്യ സ്വന്തമാക്കി. ഇതോടെ 8 സ്വർണ്ണവും 7 വെള്ളിയും 14 വെങ്കലവും ഉൾപ്പെടെ ഇന്ത്യയുടെ ആകെ മെഡൽ നേട്ടം 29 ആയി.

&&&&&&&&&&&&&&&&&&&&&&

## SOLAR ECLIPSE ABROAD

യൂറോപ്പിലും യുകെയിലും കഴിഞ്ഞ 30 വർഷത്തിനിടയിലെ ഏറ്റവും വലിയ സൂര്യഗ്രഹണം ദൃശ്യമായി. തലമുറയിലൊരിക്കൽ മാത്രം കാണാനാകുന്ന അപൂർവ്വ പ്രതിഭാസത്തിന് ദശലക്ഷക്കണക്കിന് ആളുകൾ സാക്ഷിയായി. ഗ്രീൻലാൻഡ്, ഐസ്‌ലാൻഡ്, വടക്കൻ റഷ്യ, സ്പെയിൻ, പോർച്ചുഗൽ എന്നിവിടങ്ങളിൽ പൂർണ്ണ സൂര്യഗ്രഹണമാണ് ദൃശ്യമായത്. ഈ സൂര്യഗ്രഹണം ഇന്ത്യയിൽ ദൃശ്യമായിരുന്നില്ല. 2009 ജൂലൈ 22-നാണ് ഇന്ത്യയിൽ അവസാനമായി പൂർണ്ണ സൂര്യഗ്രഹണം ദൃശ്യമായത്.

&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&